**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2188** **06-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | (എ) വൈപ്പിൻ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | വൈപ്പിൻ മണ്ഡലത്തിൽ സ്മാർട്ട് ആക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 103-ാം നമ്പർ അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ ലഭ്യമായിരുന്നെങ്കിലും വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാക്കാത്തതിനാൽ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത അങ്കണവാടികൾ സ്മാർട്ട് ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | (സി) പ്രസ്തുത അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തി കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കുന്നതിനായി വാർഡ് മെമ്പർക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക ഇനത്തിലുള്ള സർക്കാർ വിഹിതം എത്രയാണെന്നും ബാക്കി തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | (ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക റൂറൽ ഏരിയകളിൽ 1000/- രൂപ നിരക്കിലും അർബൻ ഏരിയകളിൽ 4000/- രൂപ നിരക്കിലുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുക 60:40 ആനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പ്രസ്തുത തുകയിൽ അധികമായി ആവശ്യമായി വരുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പഞ്ചായത്ത് | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|---|
| 1 | പള്ളിപ്പുറം | 5 | 1, 21, 34, 36, 37 |
| 2 | കുഴുപ്പിള്ളി | 1 | 43 |
| 3 | എടവനക്കാട് | 4 | 60, 61, 66, 72 |
| 4 | നായരമ്പലം | 4 | 81, 87, 90, 103 |
| 5 | ഞാറയ്ക്കൽ | 1 | 118 |
| 6 | എളംകുന്നപ്പുഴ | 1 | 108 |
| 7 | കടമക്കുടി | 0 | - |
| 8 | മുളവുകാട് | 0 | - |
| ആകെ | | 16 | |

Section officer